(ബി) ക്ലാർക്കുമാരുടെ നിയമനത്തെ സംബന്ധിച്ച് കഴിഞ്ഞ നിയമസഭാ സമ്മേളന കാലത്ത് മുഖ്യമന്ത്രി സഭയിൽ നൽകിയ ഉറപ്പു പാലിച്ചിട്ടുണ്ടോ ;

(സി) വിവിധ വകുപ്പുകളിൽ നിയമനത്തിനുള്ള പി.എസ്.സി. ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കുമെന്ന് വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) പത്തനംതിട്ട കാസർകോട് എന്നീ ജില്ലകളൊഴികെ മറ്റെല്ലാ ജില്ലകളിലും വിവിധ വകുപ്പുകളിൽ എൽ. ഡി. ക്ലാർക്കുകളുടെ റാങ്ക് ലിസ്റ്റുകളും ഇപ്പോൾ നിലവിലുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനത്തിനായി അപ്പോഴപ്പോൾ ശുപാർശ ചെയ്തുവരികയാണ്. ചില സന്ദർഭങ്ങളിൽ അനിവാര്യമായ കാരണങ്ങളാൽ അൽപ്പം താമസം ഉണ്ടാകുന്നുണ്ടെങ്കിലും, കാലതാമസം കൂടാതെ നിയമന ശുപാർശ നടത്താൻ വേണ്ട ക്രമീകരണങ്ങളും നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) എൽ. ഡി. ക്ലാർക്കുമാരുടെ റാങ്ക് ലിസ്റ്റുകളിൽ തിരുവനന്തപുരം ജില്ലയിലേത് 5-6-1986-ലും വയനാട് ജില്ലയിലേത് 14-12-1986-ലും പത്തനംതിട്ടയും കാസർകോടും ഒഴികെ മറ്റുള്ള ജില്ലകളിലേത് 16-5-1986-ലും അവസാനിക്കും.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

രാജിവച്ച മന്ത്രിമാർ

318. [500] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം എത്ര മന്ത്രിമാർ രാജിവച്ച് ഒഴിഞ്ഞുപോയിട്ടുണ്ട് ;

(ബി) രാജിവച്ച മന്ത്രിമാരുടെ വകുപ്പുകൾ ഇപ്പോൾ ആരൊക്കെയാണ് കൈകാര്യം ചെയ്യുന്നത് ?

ഉത്തരം

(എ) ഏഴു മന്ത്രിമാർ രാജിവച്ചിട്ടുണ്ട്.

(ബി) ആഗസ്റ്റ് 29, 1983-ൽ രാജിവച്ച സർവശ്രീ കെ. കെ. ബാലകൃഷ്ണൻ (ഗതാഗത വകുപ്പ്) സിറിയക് ജോൺ (കൃഷി വകുപ്പ്), കെ.ജി.ആർ.കർത്താ (ആരോഗ്യ വകുപ്പ്), സി.വി.പത്മരാജൻ (സാമൂഹ്യ വികസനം) എന്നീ മന്ത്രിമാരുടെ വകുപ്പുകൾ 1983 സെപ്തംബർ ഒന്നാം തീയതി അധികാരമേറ്റെടുത്ത സർവശ്രീ. എൻ. സുന്ദരൻ നാടാർ, എ. എൽ. ജേക്കബ്, കെ. പി. രാമചന്ദ്രൻ നായർ, പി. കെ. വേലായുധൻ എന്നീ മന്ത്രിമാർ യഥാക്രമം ഏറ്റെടുക്കുകയുണ്ടായി.

തുടർന്ന് 1985 മേയ് 29-ാം തീയതി ശ്രീ. കെ. പി രാമചന്ദ്രൻനായർ, ആരോഗ്യവകുപ്പു മന്ത്രി സ്ഥാനം രാജിവച്ചതിനെ തുടർന്ന് പ്രസ്തുത വകുപ്പുകൾ മുഖ്യമന്ത്രിക്ക് നൽകുകയുണ്ടായി.

1985 ജൂൺ 5-ാം തീയതി ശ്രീ. ആർ. ബാലകൃഷ്ണപിള്ള വിദ്യുച്ഛക്തി വകുപ്പു മന്ത്രി സ്ഥാനം രാജിവച്ചതിനെ തുടർന്ന് പ്രസ്തുത വകുപ്പുകൾ ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണിക്ക് നൽകുകയുണ്ടായി. ശ്രീ. എം. പി. ഗംഗാധരൻ 12-3-1986-ൽ ജലസേചന വകുപ്പുമന്ത്രി സ്ഥാനം രാജിവച്ചതിനെ തുടർന്ന് അദ്ദേഹം കൈകാര്യം ചെയ്തിരുന്ന വകുപ്പുകളുടെ ചുമതല മുഖ്യമന്ത്രിക്ക് നൽകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly